പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1250

15.06.2012 ൽ
മറുപടിയ്ക്ക്

# ഭാരത് നിർമ്മാൺ യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ. | ഭാരത് നിർമ്മാൺ യോജനയിൽപ്പെട്ട ഏതെല്ലാം പദ്ധതികളാണ് കേരളത്തിൽ നടപ്പാക്കുന്നതെന്ന് പറയാമോ ; | എ. | ഭാരത് നിർമ്മാൺ പദ്ധതിയിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, കുടിവെള്ള പദ്ധതി, ഭവന നിർമ്മാണം, ടെലികോം, ഗ്രാമീണ വൈദ്യുതീകരണം, ജലസേചനം എന്നീ ഉപപദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള ഗ്രാമീണ റോഡുകളുടെ ˎ നിർമ്മാണം, ഐ.എ.വൈ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം- എന്നീ പദ്ധതികളാണ് സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കുന്നത്. |
| ബി. | പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുകയാണ് അനുവദിച്ചത് ; പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | ബി. | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 2008-2009 ൽ ഫേസ് 7-ൽ ഒന്നാം ബാച്ചായി അനുവദിച്ച പ്രവർത്തികൾക്കായി 200 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br>ഈ കാലയളവിൽ ഐ.എ.വൈ പദ്ധതിയിൽ കേന്ദ്ര വിഹിതമായി 18964.62 ലക്ഷം രൂപയും സംസ്ഥാന വിഹിതം 6053.35 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി. | പ്രസ്തുത പദ്ധതികൾക്ക് 2006 മേയ് മുതൽ 2011 മേയ് വരെ എത്ര തുകയാണ് അനുവദിച്ചത് ; വിശദമാക്കുമോ ? | സി. | 2006-മെയ് മുതൽ 2011 മെയ് വരെ ഭാരത് നിർമ്മാൺ പദ്ധതിയിൽ ഉൾപ്പെടുത്തിയ പി.എം.ജി.എസ്.വൈ പ്രവർത്തികൾക്കായി 366.35 കോടി രൂപ ലഭിച്ചിട്ടുണ്ട്.<br>ഐ.എ.വൈ പദ്ധതിക്ക് 2006-മെയ് മുതൽ 2011 മെയ് വരെ കേന്ദ്ര വിഹിതം 63668.55 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 21061.50 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ